ഓം



തം സന്നിരീക്ഷ്യ ഭഗവാൻ സഹസോത്ഥിത: ശ്രീ -
പര്യങ്കത: സകലധർമ്മഭൃതാം വരിഷ്ഠ:
ആനമ്യ പാദയുഗളം ശിരസാ കിരീട
ജുഷ്ടേന സാഞ്ജലിരവീവിശദാസനേ സ്വേ (10-69-14)

തസ്യാ വനിജ്യ ചരണൌ തദപ: സ്വമൂർദ്ധ്നാ -
ബിഭ്ര ജ്ജഗദ് ഗുരുതരോƒപിസതാം പതിർഹി
ബ്രഹ്മണ്യദേവ ഇതി യദ്ഗുണനാമ യുക്തം
തസ്യൈവ യച്ചരണശൌചമശേഷതീർത്ഥം (10-69-13)

ബ്രഹ്മൻ ധർമ്മസ്യ വക്താഹം കർത്താ തദനുമോദിതാ
തച്ഛിക്ഷയം ല്ലോകമിമമാസ്ഥിത: പുത്ര മാ ഖിദ: (10-69-40)

*ശുകമുനി തുടർന്നു:*
നരകാസുരൻ വധിക്കപ്പെട്ട കാര്യവും ഭഗവാൻ പതിനാറായിരം രാജകുമാരിമാരെ തടവിൽ നിന്നു മോചിപ്പിച്ച് കല്ല്യാണം കഴിച്ചുവെന്നും നാരദൻ അറിഞ്ഞു. നാരദന് കൃഷ്ണൻ എങ്ങിനെയാണ് ഗൃഹസ്ഥാശ്രമധർമ്മം നിറവേറ്റുന്നതെന്ന് അത്ഭുതമായി. സ്വയം ആ അത്ഭുതം വീക്ഷിക്കാൻ അദ്ദേഹം ദ്വാരകയിലേയ്ക്കു പോയി. ദ്വാരക അതീവസുന്ദരമായ ഒരത്ഭുതനഗരം തന്നെയായിരുന്നു. ചെറുതും വലുതുമായ തടാകങ്ങളിൽ താമരപ്പൂക്കളും ഹംസങ്ങളും വിഹരിച്ചു. തൊള്ളായിരമായിരം മണിമന്ദിരങ്ങൾ നഗരത്തെ അലങ്കരിച്ചു. അവയുടെ ചുമരുകൾ വിലപിടിച്ച കല്ലുകൾ, സ്വർണ്ണം, വെള്ളി, സ്ഫടികം ഇവയാൽ മോടി പിടിപ്പിച്ചിരുന്നു. നഗരത്തിൻെറ രൂപരേഖയും ആസൂത്രണവും അതീവ വൈദഗ്ദ്ധ്യം നിറഞ്ഞതായിരുന്നു. പാതകളും, വാണിജ്യ കേന്ദ്രങ്ങളും, സമ്മേളനക്കളരികളും, അമ്പലങ്ങളും എല്ലാം കൊണ്ടും യാതൊന്നിനും കുറവില്ലാത്ത ഒരു നഗരം. ദേവൻമാരുടെ വാസ്തുകലാവിദഗ്ദ്ധനായ വിശ്വകർമ്മാവാണ് ദ്വാരകയുടെയും ശിൽപി. അദ്ദേഹം തന്നെയാണ് ഇതു പണിതതും. നാരദൻ ഒരു മാളികയിൽ കയറി. അവിടെ ഭഗവാൻ രുഗ്മിണിയുമായി ഒരു മഞ്ചത്തിലിരിക്കുന്നു. മുനിയെക്കണ്ട മാത്രയിൽ കൃഷ്ണൻ ചാടിയെഴുന്നേറ്റു വണങ്ങി, സ്വാഗതം ചെയ്ത് അഭിവാദ്യം ചെയ്തു. നാരദൻെറ പാദങ്ങൾ കഴുകി ആ തീർത്ഥജലം സ്വന്തം ശിരസ്സിൽ തൂകി. എന്നിട്ടദ്ദേഹത്തിനെ മഞ്ചത്തിലുപവിഷ്ടനാക്കി. അങ്ങിനെ സർവ്വലോകാധീശനായ ഭഗവാൻ തൻെറ ബ്രാഹ്മണഭക്തി വെളിവാക്കി. അതിനാൽ ഭഗവാൻ ബ്രാഹ്മണ്യദേവൻ എന്നും അറിയപ്പെടുന്നു. കൃഷ്ണൻ നാരദനോട് ചോദിച്ചു. “ഞങ്ങൾ എങ്ങിനെയാണ് അവിടുത്തെ സേവിക്കേണ്ടതെന്ന് ദയവായി പറഞ്ഞാലും”. ഭഗവൽപ്പദകമലങ്ങൾ എന്നും ഹൃദയത്തിൽ സമുജ്ജ്വലിക്കണമെന്ന് മാത്രമേ താൻ ആഗ്രഹിക്കുന്നുള്ളൂവെന്ന് മാമുനി മറുപടിയും പറഞ്ഞു.

തൻെറ ജിജ്ഞാസയെ സംതൃപ്തിപ്പെടുത്താൻ നാരദൻ മറ്റൊരു ഗൃഹത്തിൽ പോയി. അവിടെയും കൃഷ്ണൻ സഹധർമ്മിണിയുമായി ഗൃഹധർമ്മങ്ങളിലേർപ്പെട്ടിരിക്കുന്നു. അവിടെയും കൃഷ്ണൻ നാരദനെ എതിരേറ്റു പൂജിച്ചു. അങ്ങിനെ നാരദൻ സന്ദർശിച്ച ഗൃഹങ്ങളിലെല്ലാം കൃഷ്ണനെയും ഓരോ സഹധർമ്മിണിയേയും നാരദൻ കണ്ടു. ധാർമ്മീകമോ ഗൃഹസ്ഥമോ ആയ കാര്യങ്ങൾ നടത്തിക്കൊണ്ട് അവർ കഴിയുന്നു. അവസാനം കയറിയ വീട്ടിൽ വച്ച് നാരദൻ തൻെറ അത്യാദിശയം വെളിവാക്കി. അതിനു മറുപടി യായി ഭഗവാൻ പറഞ്ഞു. “മഹാത്മാവേ, ഞാൻ ധർമ്മസംസ്ഥാപകനാണ്. ഞാൻ ധർമ്മമാചരിക്കുന്നു. ഞാൻ ധർമ്മത്തെ അംഗീകരിക്കുന്നു. ഞാൻ എൻെറ പ്രവൃത്തികളാലുദാഹരണമേകി മറ്റുള്ളവർക്ക് മാതൃകയാവുന്നു.” കൃഷ്ണൻെറ അലൗകീകമായ പ്രഭാവത്തിലും ശക്തിവിശേഷത്തിലും വിസ്മയം പൂണ്ട് നാരദൻ യാത്രയായി. അങ്ങിനെ ഭഗവാൻ ഉത്തമനായ ഒരു ഗൃഹനാഥൻെറ ജീവിതം, അനേകം സഹധർമ്മിണികളുണ്ടെങ്കിലും ഓരോരുത്തരുമൊത്ത് നയിച്ചു. ഈ മഹൽസത്യത്തെ ധ്യാനിക്കുന്നവർക്ക് ഭഗവൽഭക്തിയുണ്ടാവുന്നു.